## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

### ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനുള്ള നിയമവ്യവസ്ഥ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 3199. 19.06.18- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | മതപരമായ ആവശ്യത്തിനും ആരാധനയ്ക്കും പുതിയ കെട്ടിടം പണിയുന്നതിനും പഴയത് പുതുക്കി പ്പണിയുന്നതിനും ഇപ്പോൾ നില വിലുള്ള നിയമവ്യവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 7 (8 എ), കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണം ചട്ടങ്ങൾ 1999 ലെ ചട്ടം 7(6 ബി) പ്രകാരം മതപരമായ ആവശ്യത്തിനോ ആരാധനയ്ക്കോ വേണ്ടി പുതിയ കെട്ടിടം പുനർനിർമ്മിക്കുക അല്ലെങ്കിൽ വ്യതിയാനം വരുത്തുക, കൂട്ടിച്ചേർക്കുക തുടങ്ങിയ സംഗതികളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ മുൻകൂർ അനുമതിയോ തടസ്സരാഹിത്യ അനുമതിയോ യോജിപ്പോ അതത് സംഗതി പോലെ നേടേണ്ടതും സാമുദായിക അലോസരങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിലുള്ള സാമുദായിക സൗഹാർദ്ദം പോഷിപ്പിക്കുന്നതിനുമായി ഗൈഡ് ലൈൻസ് മാന്വലിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഉപാധികൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതാണെന്നും മതപരമായ ആവശ്യത്തിന് അല്ലെങ്കിൽ ആരാധന സ്ഥലത്തിന്റെ അധിക നിർമ്മാണ വിസ്തൃതിയോ നിലവിലുള്ള കെട്ടിടങ്ങളുടെ പണിപ്പാടുകൾക്ക് വ്യതിയാനമോ ഉൾപ്പെടാത്ത പുനരുദ്ധാരണത്തിന് വേണ്ടിയുള്ള അപേക്ഷകൾ അപ്പൻഡിക്സ് (എൻ)ൽ ഉള്ള ഫാറം (3 പ്രതികൾ) അപേക്ഷകൻ യഥാവിധി പൂരിപ്പിച്ച് സെക്രട്ടറി പരിശോധിച്ചതിൻമേൽ ജില്ലാകളക്ടറെ ബോധ്യപ്പെടുത്തിയതിന് ശേഷം സെക്രട്ടറിയ്ക്ക് പരിഗണിക്കാവുന്നതാണ്. പെർമിറ്റ് (അനുമതി) ജില്ലാ കളക്ടറുടെ അംഗീകാരം ലഭിച്ചതിന് ശേഷം മാത്രമേ നൽകാൻ പാടുള്ളൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മതപരമായ ആവശ്യത്തിനുള്ള നിർമ്മാണവുമായി ബന്ധപ്പെട്ട് 24.11.2009 ലെ 11034/18 എ/2016-N11 (Pt) നമ്പർ കത്തിൽ സംസ്ഥാന സർക്കാരിന് കേന്ദ്ര-സർക്കാരിൽ നിന്ന് ലഭിച്ച നിർദ്ദേശം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു |
| (സി) | ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിന് ഇപ്പോൾ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുകൾ സഹിക്കേണ്ടി വരുന്നുണ്ടെന്നും കടമ്പകൾ ഏറെ തരണം ചെയ്യേണ്ടതുണ്ടെന്നും ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപെട്ടിട്ടില്ല |
| (ഡി) | എങ്കിൽ ഇപ്രകാരമുള്ള പ്രയാസ-ങ്ങൾ ദൂരീകരിക്കുന്നതിന് നിലവി-ലുള്ള നിയമത്തിൽ ഭേദഗതി കൊണ്ടുവരാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ? | (ഡി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ